"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ്- 30-11-2018-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ- പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിൻറെ 2017-18 വാർഷിക പദ്ധതിയിൽ തയ്യാറാക്കിയതും 2018-19 വർഷം സ്പിൽ ഓവർ ആയി അംഗീകാരം ലഭിച്ചതുമായ സ്മാർട്ട് അംഗനവാടി (നം.155) പ്രോജക്ട് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന് തുക കൈമാറി നടപ്പാക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.**3270/2018/**ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 30/12/2018

---

പരാമർശം:- 1 കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.11.2018-ലെ കത്ത്
2 30.11.2018-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.35-ാം നമ്പർ തീരുമാനം

<u>ഉത്തരവ്</u>

പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ നിലവിൽ പണി പൂർത്തിയാക്കി പ്രവർത്തനം നടന്നു വരുന്ന അംഗനവാടിയ്ക്ക് മികച്ച സൗകര്യമൊരുക്കുന്നതിനു വേണ്ടി 2017-18 വാർഷിക പദ്ധതിയിൽ തയ്യാറാക്കിയതും 2018-19 വർഷം സ്പിൽ ഓവർ ആയി അംഗീകാരം ലഭിച്ചതുമായ 'സ്മാർട്ട് അംഗനവാടി (നം.155)' എന്ന പ്രോജക്ട് (നം.139/19) നടപ്പാക്കാൻ അനുമതി നൽകണമെന്ന് ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യപ്രകാരം പ്രകാരം ജില്ലാ പ്ലാനിംഗ് ഓഫീസർ പരാമർശം(1) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. അംഗനവാടിയിൽ കമ്പ്യൂട്ടർ, യു.പി.എസ്., ബേബി പെയിന്റിംഗ്സ്, കൂൾ ഫാൻ, ഓഡിയോ സിസ്റ്റം, ബേബി ചെയർ/ടേബിൾ, ഇലക്ട്രിഫിക്കേഷൻ എന്നീ സൗകര്യങ്ങൾ ഒരുക്കുന്നതിനായി 1,79,779/- രൂപയാണ് പ്രോജക്ട് അടങ്കൽ ആയി വകയിരുത്തിയിരിക്കുന്നത്. 30.11.2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യം പരിഗണിക്കുകയും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന് തുക കൈമാറി പദ്ധതി നടപ്പാക്കാൻ പരാമർശം(2) അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 30.11.2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം(2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ നിലവിൽ പണി പൂർത്തിയാക്കി പ്രവർത്തനം നടന്നു വരുന്ന അംഗനവാടിയ്ക്ക് മികച്ച സൗകര്യമൊരുക്കുന്നതിനു വേണ്ടി 1,79,779/- രൂപ

വകയിരുത്തി പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയ 'സ്മാർട്ട് അംഗനവാടി (നം.155') എന്ന പ്രോജക്ട്(നം.139/19) ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന് തുക കൈമാറി നടപ്പാക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ ഡി**
**ഡെപ്യൂട്ടി സെക്രട്ടറി**

പകർപ്പ്

പ്രസിഡണ്ട്/സെക്രട്ടറി, പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത്, കൊല്ലം

ജില്ലാ പ്ലാനിംഗ് ഓഫീസർ, കൊല്ലം.

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ)വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SHAJI T R
Date: 2018.[illegible] 11:33:41 IST
Reason: Approved
സെക്ഷൻ ഓഫീസർ